(എ)&(ബി) കേന്ദ്രസമിതിയുടെ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) മണ്ഡരി കീടബാധ നിയന്ത്രിക്കുന്നതിന് ഒരു മരുന്നുതളി പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കീടബാധയേറ്റ തെങ്ങുകളിൽ രാസകീടനാശിനിയോ/ജൈവകീടനാശിനിയോ ഉപയോഗിച്ച് മരുന്ന് തളിക്കുന്നതിന് തെങ്ങൊന്നിന് 6 രൂപ (മരുന്നിന്റെ വിലയും കൂലിചെലവും അടക്കം) സബ്സിഡിയായി കൃഷിവകുപ്പ് നൽകുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തെങ്ങൊന്നിന് 3 രൂപ കൂലിചെലവിനത്തിൽ നൽകുന്നുണ്ട്. കൃഷിവകുപ്പ് ഇതിനായി 19.61 കോടി രൂപ ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

7 (*67) മണ്ഡരി രോഗബാധ നേരിടുന്നതിന് നടപടി

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങുകളുടെ മണ്ഡരി രോഗബാധ നേരിടുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും മരുന്നു തളിക്കുന്ന പ്രക്രിയ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് ഈ രോഗം വ്യാപിച്ചിട്ടുള്ളതെന്നും രോഗപ്രതിരോധത്തിനുവേണ്ടി ഓരോ ജില്ലയിലും എന്തു തുക അനുവദിച്ചുവെന്നും വിശദമാക്കുമോ;

(സി) മണ്ഡരി രോഗത്തെപ്പറ്റി പഠിക്കുന്നതിന് കേന്ദ്ര പഠന സംഘം സംസ്ഥാനത്ത് പര്യടനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അവരുടെ പഠനത്തിന്റെ ഫലം എന്തായിരുന്നുവെന്നും കേന്ദ്രസർക്കാരിൽ നിന്ന് ധനസഹായമായി എന്തു തുക ലഭിച്ചുവെന്നും അറിയിക്കുമോ;

(ഇ) മണ്ഡരി രോഗബാധ തെങ്ങിന്റെ ഉല്പാദന ക്ഷമതയെ ബാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഏതു അളവിലാണെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) മണ്ഡരി കീടബാധ നിയന്ത്രിക്കുന്നതിന് സാമൂഹ്യാടിസ്ഥാനത്തിൽ മരുന്നുതളി പദ്ധതിക്ക് രൂപം നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കീടബാധയേറ്റ തെങ്ങുകളിൽ മരുന്നുതളിക്കുന്നതിന് തെങ്ങൊന്നിന് 6 രൂപ കൃഷി വകുപ്പും 3 രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നൽകുന്നതാണ്. മരുന്നുതളി പുരോഗമിച്ചു വരുന്നു.

(ബി) തൃശ്ശൂർ, എറണാകുളം, പാലക്കാട്, ആലപ്പുഴ, മലപ്പുറം, ജില്ലകളിലാണ് കൂടുതൽ ഉള്ളത്. ഓരോ ജില്ലയ്ക്കും അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	തുക (ലക്ഷം രൂപ)
തിരുവനന്തപുരം	83.7473
കൊല്ലം	134.385
പത്തനംതിട്ട	15.47974
ആലപ്പുഴ	238.39536
കോട്ടയം	77.6775
എറണാകുളം	496.97582
തൃശ്ശൂർ	671.00
പാലക്കാട്	125.8
മലപ്പുറം	107.61738
കോഴിക്കോട്	9.598
കണ്ണൂർ	1.1212
ഇടുക്കി	0.200
ആകെ	1961.9973

(സി) ഉണ്ട്.

(ഡി) റിപ്പോർട്ട് കേരള സർക്കാരിന് ലഭിച്ചിട്ടില്ല.

(ഇ) ഉണ്ട്. കണക്ക് ശേഖരിച്ചു വരുന്നു.

8 (*68) റബ്ബർ കർഷകർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷിയോഗം പ്രധാനമന്ത്രിയെക്കണ്ടു നിവേദനം സമർപ്പിക്കുന്നതിന് അഖിലകക്ഷി നിവേദക സംഘത്തെ അയയ്ക്കുവാൻ തീരുമാനിച്ചിരുന്നുവോ;

(ബി) എങ്കിൽ നിവേദക സംഘത്തെ അയയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) റബ്ബർ കർഷകരുടെ സാമ്പത്തിക പ്രതിസന്ധി തുടരുന്നതായി ഗവൺമെന്റ് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) തീരുമാനിച്ചിരുന്നു.

(ബി) നിവേദക സംഘത്തെ കാണുന്നതിന് പ്രധാനമന്ത്രിക്ക് സൗകര്യമായ സമയം ചോദിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ കത്ത് അയച്ചിട്ടുണ്ട്.

(സി) കരുതുന്നുണ്ട്. അതു പരിഹരിക്കുവാൻ സർക്കാർ കഴിയുന്ന എല്ലാ നടപടികളും കൈക്കൊള്ളുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly